**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1128** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>അരുവിക്കര തോട്ടത്തിൻകടവ്-മൂഴി-മൈലം പാലത്തിന്റെ ടെൻഡർ നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര നിയോജകമണ്ഡലത്തിലെ അരുവിക്കര തോട്ടത്തിൻകടവ്-മൂഴി-മൈലം പാലത്തിന്റെ ടെൻഡർ നടപടികൾ നീണ്ടുപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അടിയന്തരമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ആദ്യ ടെൻഡറിൽ ഒരു ബിഡ് ലഭിച്ചതിനാൽ പ്രവൃത്തി റീ ടെൻഡർ ചെയ്തു. രണ്ടാമത്തെ ടെൻഡറിലും ഒരു ബിഡ് മാത്രമാണ് ലഭിച്ചത്. ആയതിൽ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 16.87 % അധികമായിരുന്നു. അധിക നിരക്കിലുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ പരിശോധിച്ച ശേഷം പ്രവൃത്തി ഒരിക്കൽ കൂടി ടെൻഡർ ചെയ്യുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി. മൂന്നാമത്തെയും, നാലാമത്തെയും, അഞ്ചാമത്തേയും ടെൻഡറുകളിലും ആരും പങ്കെടുത്തിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് ടെൻഡർ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**